# എന്തുകൊണ്ട് ദൈവത്തെ ആരാധിക്കണം?

## വിലാപങ്ങൾ 3:39

"മനുഷ്യൻ ജീവനുള്ളന്നു നെടുവീർപ്പിടുന്നതെന്തു? ഓരോരുത്തൻ താന്താന്റെ പാപങ്ങളെക്കുറിച്ചു നെടുവീർപ്പിടട്ടെ."

ഒരു പുതിയ ദിവസം നമുക്ക് ദാനമായി നൽകിയ ദൈവത്തിനു നന്ദി പറയാം, അനുഗ്രഹത്തോടെ നമ്മെ അവിടുത്തോടു ചേർത്ത് നിർത്തി എല്ലാ പ്രായാസങ്ങളിലും നിന്നും നമ്മെ രക്ഷിച്ചത് ഓർത്തു ദൈവത്തെ മഹത്വപ്പെടുത്താം. നമ്മുടെ ദൈനദിന ജീവിതത്തിൽ നമ്മിലെ ദൈവാശ്രയം എവിടേലും നഷ്ടപ്പെടുന്നുണ്ടോ എന്ന് നാം ചിന്തിക്കണം, ദൈവത്തിൽ ആശ്രയിക്കുതിനു പകരം ലോകത്തിൽ കൂടുതലായി ആശ്രയിച്ചു നാം ജഡാശ്രയക്കാരും, ധനാശ്രയക്കാരും ഒക്കെയായി മാറി പോകാറുണ്ടോ എന്ന് നാം പരിശോധിക്കണം. നമുക്ക് വേണ്ടി, നമ്മെ വീണ്ടെടുക്കുന്നതിനു വേണ്ടി സ്വന്തം ജീവനെ യാഗമായി നൽകിയ കർത്താവിന് എപ്പോഴും മഹത്വവും ശക്തിയും കൊടുക്കാം, വചനം പഠിപ്പിക്കുന്നു യെഹോവക്ക് അവന്റെ നാമത്തിന്റെ മഹത്വം കൊടുപ്പിൻ, വിശുദ്ധലങ്കാരം ധരിച്ചു യെഹോവയെ നമസ്കരിപ്പിൻ.

നാം നമ്മുടെ നടപ്പു ആരാഞ്ഞു ശോധനചെയ്തു യഹോവയുടെ അടുക്കലേക്കു തിരിയുക. നാം കൈകളെയും ഹൃദയത്തെയും സ്വർഗ്ഗസ്ഥനായ ദൈവത്തിങ്കലേക്കു ഉയർത്തുക. ഇന്ന് നമ്മുടെ ഈ ലോക ജീവിതത്തിൽ നാം കൂടുതലും നെടുവീർപ്പിടുന്നത് എന്തിനെക്കുറിച്ചാണ്? സ്വർഗ്ഗത്തിൽ നമുക്ക് ഒരുക്കിവച്ചിരിക്കുത് പ്രാപിക്കുവാനാണോ അതോ ഈ ലോകത്തിലെ നമ്മുടെ മോഹങ്ങളെ ആസ്വദിക്കുവാൻ വേണ്ടിയാണോ?

പക്ഷവാതക്കാരന്റെഅനുഭവം നമുക്ക് അറിയാം, കിടക്കമേൽ കിടിരുന്ന ഒരു മനുഷ്യൻ, എഴുന്നേൽക്കാൻ വയ്യാതെ, ജീവിതത്തിന്റെ മുഴുവൻ സമയവും കിടക്കയിൽ ചിലവഴിക്കുന്ന ഒരു മനുഷ്യൻ. അങ്ങനെയുള്ള ഒരു മനുഷ്യനെ, ചില സുഹൃത്തുക്കൾ യേശു വീട്ടിലുണ്ടെന്നറിഞ്ഞു യേശിവിന്റെ അടുക്കലേക്കു കൊണ്ടുവരുന്നു. അവരുടെ ഉദ്ദേശം ഒരു കാര്യം മാത്രമേ ഉള്ളു, ആ പക്ഷവാതക്കാരന്റെ സൗഖ്യം. നാം വചനത്തിൽ ഇപ്രകാരം വായിക്കുന്നു മത്തായി 9:2 അവിടെ ചിലർ കിടക്കമേൽ കിടക്കുന്ന ഒരു പക്ഷവാതക്കാരനെ അവന്റെ അടുക്കൽ കൊണ്ടുവന്നു; യേശു അവരുടെ വിശ്വാസം കണ്ടു പക്ഷവാതക്കാരനോടു: "മകനേ, ധൈര്യമായിരിക്ക; നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു" എന്നു പറഞ്ഞു.

പക്ഷവാതക്കാരനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്ന നാല് സുഹൃത്തുക്കൾക്കു യേശുവിൽ പൂർണ്ണ വിശ്വാസം ഉണ്ടായിരുന്നു, ആ വിശ്വാസം അവരുടെ ഉള്ളിൽ ഉണ്ടായിരുന്നതു കൊണ്ടാണ് പല പ്രയാസങ്ങളും സഹിച്ചു അവർ ആ പക്ഷവാതക്കാരനെ യേശിവിന്റെ മുൻപിലേക്ക് കെട്ടിയിറക്കിയത്. കൊണ്ടുവന്നവർക്കു ഒറ്റ ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നൊള്ളൂ, യേശു അവനെ ഒന്ന് തൊടണം, അങ്ങനെ അവനു സൗഖ്യം ലഭിക്കണം. എന്നാൽ അവർ ആഗ്രഹിച്ചതിലും ഏറെയായി, അവർ ചിന്തിച്ചതിനും അപ്പുറമായി, കൊണ്ടുവന്നവരുടെ വിശ്വാസം കണ്ടിട്ട് കർത്താവ് പറയുകയാണ് "മകനേ, ധൈര്യമായിരിക്ക; നിന്റെ പാപങ്ങൾ മോചിച്ചു തിരിക്കുന്നു."

പ്രിയമുള്ളവരേ ഇന്ന് യേശു ക്രിസ്തുമായുള്ള നമ്മുടെ ബന്ധത്തിൽ നാം ആഗ്രഹിക്കുന്നതു എന്താണ്? അല്ലലില്ലാതെ ഒരു ജീവിതം നയിക്കുന്നതിന് വേണ്ടിയാണോ നാം ക്രിസ്തുവിനെ പിന്തുടരുന്നത്? നമ്മുടെ ജീവിതത്തിന്റെ മുൻഗണന ഇന്ന് എന്തിലാണ് എന്ന് നാം പരിശോധിക്കണം. നമ്മുടെ ഭക്തിയുടെ പിന്നിലുള്ള ഉദ്ദേശം എന്താണ് എന്ന് നാം ചിന്തിക്കണം? നാം പറയുന്ന കാര്യങ്ങൾ, നാം പറയുന്ന സമയത്തു സാധിച്ചു തരുന്ന ഒരു കർത്താവിലാണോ നാം ആശ്രയിക്കുത്?

നാം ആഗ്രഹിക്കുന്നതു പലതും ലോകത്തിനു നമുക്ക് തരാൻ സാധിക്കുമായിരിക്കും, എന്നാൽ സ്വർഗത്തിന് തരാൻ സാധിക്കുന്ന രണ്ടു കാര്യങ്ങൾ വേറെ ആർക്കും തരാൻ സാധിക്കുകയില്ല. യേശുവിൽ വിശ്വസിക്കുവർക്ക്, അവനിൽ പൂർണ്ണമായും ആശ്രയിക്കുവർക്കു ലഭിക്കുന്നതാണ് പാപമോചനവും, നിത്യജീവനും. ഇതായിരിക്കണം നമുക്ക് വേണ്ടി യാഗമായി തീർന്ന യേശു ക്രിസ്തുവിനെ ആരാധിക്കുവാൻ നമ്മെ പ്രേരിപ്പിക്കേണ്ട കാരണം. മൂപ്പന്മാർ സിംഹാസനത്തിൽ ഇരുന്നവന്റെ മുമ്പിൽ വീണു നമസ്കരിച്ചു പറഞ്ഞത് പോലെ കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും, എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും, സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ നീ മാത്രമായിരിക്കയാൽ ഞാൻ അങ്ങേ ആരാധിക്കുന്നു. എന്റെ ഈ ലോക ജീവിതത്തിലെ കാര്യങ്ങൾ എല്ലാം സാധിപ്പിച്ചു തരുതുകൊണ്ടല്ല ഞാൻ അങ്ങേ ആരാധിക്കുത്, പിന്നയോ അവിടുന്ന് എനിക്ക് തന്ന ഈ ജീവനെ ഓർത്തു, പാപിയായ എന്നെ വീണ്ടെടുക്കുവാനായി അവിടുന്ന് യാഗമായതോർത്തു ഞാൻ സന്തോഷിക്കുത് കൊണ്ട് അങ്ങേ ആരാധിക്കുന്നു എന്ന് പറയുവാനും വിശ്വസിക്കുവാനും നമുക്ക് സാധിക്കണം. ഈ രണ്ടു ബോധ്യവും ദാവീദിന്റെ ഉള്ളിൽ ഉണ്ടായിരുത് കൊണ്ടാണ് 146 സങ്കീർത്തനത്തിൽ ഇപ്രകാരം പറഞ്ഞത് യഹോവയെ സ്തുതിപ്പിൻ; എൻ മനമേ, യഹോവയെ സ്തുതിക്ക. ജീവനുള്ളന്നും ഞാൻ

യഹോവയെ സ്തുതിക്കും; ഞാൻ ഉള്ള കാലത്തോളം എന്റെ ദൈവത്തിന്നു കീർത്തനം ചെയ്യും.

ഈ വിശ്വാസത്താൽ നമുക്കും നമ്മുടെ പാപങ്ങൾ മോചിച്ചു നല്കുന്നതിനായി കർത്താവിനോടു യാചിക്കാം.

ഓരോരുത്തൻ താന്താന്റെ പാപങ്ങളെക്കുറിച്ചു നെടുവീർപ്പിടട്ടെ. നമ്മുടെ ആവശ്യങ്ങൾ അറിയുന്ന ദൈവം നമുക്ക് വേണ്ടത് കൃത്യമായും നമുക്ക് നൽകും. എന്നാൽ നാം നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞു കഴുകൽ പ്രാപിക്കുന്നില്ലായെങ്കിൽ നമുക്ക് ആ സന്തോഷം അനുഭവിക്കുവാനായിട്ടു സാധിക്കുകയില്ല. ആമേൻ

നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. 1 യോഹന്നാൻ 1:9

ഞാൻ അങ്ങയുടെ തിരുസന്നിധിയിൽ എന്നെ സമർപ്പിക്കുന്നു. എല്ലാ പാപ ചിന്തകളിൽ നിന്നും, ശത്രുവിന്റെ പരീക്ഷണങ്ങളിൽ നിന്നും എന്നെ വിടുവിച്ച് കാത്തുകൊള്ളേണമേ. ഈ ലോകത്തിന് അനുരൂപമാകാതെ, അങ്ങയുടെ പൈതലായി അങ്ങയുടെ നാമം മഹത്വപ്പെടുത്തി, വിശുദ്ധിയോടെ ജീവിപ്പാൻ എനിക്ക് കൃപ നല്കേണമേ. അങ്ങയുടെ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം എപ്പോഴും എന്നോടുകൂടെ ഉണ്ടായിരിക്കേണമേ എന്ന് പ്രാർത്ഥിച്ചു ഓരോ ദിവസവും ആരംഭിക്കുവാൻ നമുക്ക് സാധിക്കണം .

സ്തുതിയും സ്തോത്രവും പുകഴ്ചയും അങ്ങേക്ക് മാത്രം കരേറ്റുന്നു.

**ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 023**